**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 420** **24-08-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിരോധത്തിനും വാക്സിനേഷനുമായി ചെലവാക്കിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് പ്രതിരോധത്തിനും വാക്സിനേഷനുമായി ഓരോ സാമ്പത്തിക വർഷവും ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം കോവിഡ് പ്രതിരോധത്തിനും വാക്സിനേഷനുമായി ചെലവാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>2019-20 = 19,06,23,235/- രൂപ<br>2020-21 = 1689,49,70,558/- രൂപ<br>2021-22 = 1989,40,42,925/- രൂപ<br>2022-23 = 233,20,64,025/- രൂപ |
| (ബി) | കോവിഡ് മൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നിലവിൽ നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം കോവിഡ് മൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നിലവിൽ നൽകി വരുന്ന സാമ്പത്തിക സഹായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | കോവിഡ് പ്രതിരോധത്തിനും വാക്സിനേഷനും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സഹായം നൽകുന്നതിനും കേന്ദ്ര സർക്കാരിന്റെ ധനസഹായമോ മറ്റിതര സഹായങ്ങളോ ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം കോവിഡ് പ്രതിരോധത്തിനും വാക്സിനേഷനും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സഹായം നൽകുന്നതിനും കേന്ദ്ര സർക്കാരിൽ നിന്നും മറ്റിതര വകുപ്പുകളിൽ നിന്നും ലഭ്യമായ സാമ്പത്തിക സഹായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 420

2022 ഓഗസ്റ്റ് 24 ന് മറുപടി നൽകേണ്ടത്

**കോവിഡ് പ്രതിരോധത്തിനും വാക്സിനേഷനുമായി ചെലവാക്കിയ തുക**

| ക്രമ നം. | ചോദ്യം<br>ശ്രീ.സനീഷ് കുമാർ ജോസഫ് | മറുപടി<br>ശ്രീ.കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്ത് കോവിഡ് പ്രതിരോധത്തിനും വാക്സിനേഷനുമായി ഓരോ സാമ്പത്തിക വർഷവും ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കുമോ; | വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം കോവിഡ് പ്രതിരോധത്തിനും വാക്സിനേഷനുമായി ചെലവാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2019-20 = 19,06,23,235/- രൂപ<br>2020-21 = 1689,49,70,558/- രൂപ<br>2021-22 = 1989,40,42,925/- രൂപ<br>2022-23 = 233,20,64,025/- രൂപ |
| (ബി) | കോവിഡ് മൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നിലവിൽ നൽകി വരുന്ന സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം കോവിഡ് മൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നിലവിൽ നൽകി വരുന്ന സാമ്പത്തിക സഹായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | കോവിഡ് പ്രതിരോധത്തിനും വാക്സിനേഷനും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സഹായം നൽകുന്നതിനും കേന്ദ്ര സർക്കാരിന്റെ ധനസഹായമോ മറ്റിതര സഹായങ്ങളോ ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം കോവിഡ് പ്രതിരോധത്തിനും വാക്സിനേഷനും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സഹായം നൽകുന്നതിനും കേന്ദ്ര സർക്കാരിൽ നിന്നും മറ്റിതര വകുപ്പുകളിൽ നിന്നും ലഭ്യമായ സാമ്പത്തിക സഹായങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

അക്കൗണ്ട്സ് ഓഫീസർ

## അനുബന്ധം 1

### ദുരന്തനിവാരണ വകുപ്പ്

കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000/- രൂപ അനുവദിക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ കുടുംബനാഥൻ/കുടുംബനാഥ കോവിഡ് കാരണം മരണപ്പെട്ടാൽ അവരുടെ കുടുംബത്തിന് പ്രതിമാസം 5000/- രൂപ വീതം 36 മാസത്തേയ്ക്ക് അനുവദിച്ചുവരുന്നു.

### വനിത ശിശു വികസന വകുപ്പ്

കോവിഡ് ബാധിച്ച് മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് ധനസഹായം നൽകുന്നതിനായി "കോവിഡ് 19 മഹാമാരി മൂലം അനാഥരാക്കപ്പെട്ട കുട്ടികൾക്കുള്ള ധനസഹായം" എന്ന പദ്ധതി സർക്കാർ ആരംഭിക്കുകയും ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് ഒറ്റത്തവണയായി 3 ലക്ഷം രൂപ 18 വയസ്സിനു ശേഷം പിൻവലിക്കാവുന്ന തരത്തിൽ അനുവദിക്കുന്നതോടൊപ്പം, പ്രതിമാസം 2000/- രൂപ വീതം 18 വയസ്സ് പൂർത്തിയാകുന്നതുവരെ അനുവദിക്കുന്നു. (ഇത്തരത്തിൽ 136 കുട്ടികൾക്ക് ആകെ 4,27,38,000/- രൂപ ഇതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്). ഇതിനു പുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കുട്ടികളുടെ ബിരുദം വരെയുള്ള വിദ്യാഭ്യാസ ചെലവ്, കുട്ടികളുടെ അപേക്ഷയുടെയും ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ വനിതാ ശിശു വികസന വകുപ്പ് മുഖേന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരിട്ട് അനുവദിച്ചു വരുന്നു.

## അനുബന്ധം 2

### ദുരന്തനിവാരണ വകുപ്പ്

സംസ്ഥാന ദുരന്ത പ്രതികരണനിധിയിലേക്ക് 2020-21, 2021-22 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുകയുടെ 50%, 01/04/2020-ലെ സംസ്ഥാന ദുരന്ത പ്രതികരണനിധിയിലെ Opening balance ന്റെ 10%വും കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് വിനിയോഗിക്കുവാൻ കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിരുന്നു. കോവിഡ് എക്സ്ഗ്രേഷ്യയായ 50,000/- രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നാണ് അനുവദിക്കുന്നത്. ഇതിൽ 75% തുക കേന്ദ്ര വിഹിതമാണ്. ഇപ്രകാരം കോവിഡ് എക്സ്ഗ്രേഷ്യ ഇനത്തിൽ കേന്ദ്ര വിഹിതമായി ലഭിച്ച 2,43,37,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

### ഡയറക്ടറേറ്റ് ഓഫ് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്

കോവിഡ് പ്രതിരോധത്തിനായി ഇ.എസ്.ഐ കോർപ്പറേഷൻ ഓരോ ഐപികൾക്കും 20/- രൂപ എന്ന നിരക്കിൽ ബഡ്ജറ്റ് അനുവദിച്ചിരുന്നു. അതിൽ നിന്നും ചെലവഴിച്ച തുകകൾ താഴെപ്പറയും പ്രകാരമാണ്.

| സാമ്പത്തിക വർഷം | ചെലവ് (രൂപയിൽ) |
|---|---|
| 2019-20 | 0 |
| 2020-21 | 42,48,557 |
| 2021-22 | 2,38,14,954 |

### ഹോമിയോപ്പതി ഡയറക്ടറേറ്റ്

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാഷണൽ ആയുഷ് മിഷനിൽ നിന്നും കേന്ദ്ര വിഹിതമായി 2020-2021 സാമ്പത്തിക വർഷത്തിൽ 76,80,000/- രൂപയും 2021-22 വർഷത്തിൽ 1,21,80,000/- രൂപയും ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഫണ്ടുകൾ നാഷണൽ ആയുഷ് മിഷൻ നേരിട്ട് ജില്ലകൾക്ക് വിതരണംനടത്തിയിട്ടുള്ളതാണ്.

### വനിതാ ശിശു വികസന വകുപ്പ്

കോവിഡ് മൂലം പൂർണ്ണമായും അനാഥരായ കുട്ടികൾക്ക് കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള 'PM CARES FOR CHILDREN' എന്ന പദ്ധതിയിലൂടെ 23 വയസ്സ് പൂർത്തിയാകുമ്പോൾ ലഭിക്കുന്ന വിധത്തിൽ 10 ലക്ഷം രൂപയും, ആരോഗ്യ ഇൻഷ്വറൻസും കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സ്കൂളുകളിൽ അഡ്മിഷനും, 20000/- രൂപ സ്പെഷ്യൽ സ്കോളർഷിപ്പും കേന്ദ്രസർക്കാർ നേരിട്ട് അനുവദിച്ചിട്ടുണ്ട്. കൂടാതെ CPS സെൻട്രൽ സ്പോൺസർഷിപ്പ് പദ്ധതിയിലൂടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ യഥാക്രമം 60:40 അനുപാതത്തിൽ 18 വയസ്സ് വരെ ടി കുട്ടികൾക്ക് 2000/- രൂപ വീതം പ്രതിമാസം അനുവദിക്കുന്നു. 2022-23 സാമ്പത്തിക വർഷം മുതൽ ടി തുക 4000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

### ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റ്

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി NHM നിന്നും 2020-21 സാമ്പത്തിക വർഷം ലഭിച്ച 204.60 ലക്ഷം രൂപ മുഴുവനായി ചെലവഴിച്ചിട്ടുണ്ട്.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി NHM, MP Fund മറ്റിതര സംഘടനകൾ മുഖേന ഫണ്ട് ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| സർക്കാർ മെഡിക്കൽ കോളേജ് | NHM മുഖേന ലഭിച്ച ഫണ്ട് | മറ്റുള്ളവ | Remarks |
|---|---|---|---|
| കൊല്ലം | 2,75,000 | 93,50,000 | കേന്ദ്ര ഫണ്ട് |
| എറണാകുളം | 63,0632 | 72,22,043 | MP ഫണ്ട് |
| കണ്ണൂർ | 8,40,26,312 | 75,00,000 | MP ഫണ്ട് |
| കോഴിക്കോട് | 32,10,81,995 | 2,39,64,558<br>1,01,34,195<br>1,67,5040 | MP ഫണ്ട്<br>KSEB<br>Bishop house Kozhikkode |
| വയനാട് | 14,28,268 | | |
| കോട്ടയം | 9,72,880 | | |
| കോന്നി | 24,00,121 | | |
| തൃശ്ശൂർ | | 6,79,00,000<br>80,20457 | കേന്ദ്രഫണ്ട്<br>MP ഫണ്ട് |

## നാഷണൽ ഹെൽത്ത് മിഷൻ

2019-20 സാമ്പത്തിക വർഷം എമർജൻസി കോവിഡ് റെസ്പോൺസ് പാക്കേജിൽ കേന്ദ്ര വിഹിതമായ 54.66 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം കേന്ദ്ര ഫണ്ടായ 515.53 കോടി രൂപയിൽ 513.43 കോടി രൂപ കോവിഡ് പ്രതിരോധത്തിനും 2.1 കോടി രൂപ കോവിഡ് വാക്സിനേഷനും ചെലവാക്കിയിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം കേന്ദ്ര ഫണ്ടായ 392.56 കോടി രൂപയിൽ 387.25 കോടി രൂപ കോവിഡ് പ്രതിരോധത്തിനും 5.31 കോടി രൂപ കോവിഡ് വാക്സിനേഷനും ചെലവാക്കിയിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം കേന്ദ്ര ഫണ്ടായ 51.32 കോടി രൂപയിൽ 50.39 കോടി രൂപ കോവിഡ് പ്രതിരോധത്തിനും 93 ലക്ഷം രൂപ കോവിഡ് വാക്സിനേഷനും ചെലവാക്കിയിട്ടുണ്ട്.

സർക്കാർ നിയോഗിച്ച കോവിഡ് ഡ്യൂട്ടിയിൽ ഏർപ്പെട്ടിരിക്കവെ കോവിഡ് ബാധിച്ച് മരിക്കുന്നവരോ ആ ഡ്യൂട്ടിയോട് അനുബന്ധമായ അപകടമരണം സംഭവിക്കുന്നവരോ ആയ ആരോഗ്യ പ്രവർത്തകരായ വ്യക്തികൾക്ക് കേന്ദ്ര സർക്കാരിന്റെ പ്രധാൻ മന്ത്രി ഗരീബ് കല്യാൺ പാക്കേജ് (PMKGP) എന്ന ഇൻഷ്വറൻസ് പരിരക്ഷ നിലവിൽ ഉണ്ട്. ഇതുവരെ ഒരാൾക്ക് 50 ലക്ഷം രൂപാ നിരക്കിൽ 39 പേർക്ക് മൊത്തം 19.50 കോടി രൂപ PMKGP പദ്ധതി വഴി ഇൻഷ്വറൻസ് പരിരക്ഷ ആനുകൂല്യം നൽകിയിട്ടുണ്ട്. നാളിതുവരെ അപേക്ഷ ലഭിച്ചതിൽ 19 പേർക്കാണ് ആനുകൂല്യങ്ങൾ ലഭ്യമാകാനുള്ളത്. ഇതിൽ 14 പേരുടെ അപേക്ഷകൾ ആരോഗ്യ വകുപ്പിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇൻഷ്വറൻസ് അധികൃതർക്ക് കൈമാറി കഴിഞ്ഞു. ബാക്കിയുള്ള 5 അപേക്ഷകൾ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിശദമായ പരിശോധന നടത്തി അപേക്ഷയിൽ ഉള്ള ന്യൂനതകൾ, അവ്യക്തതകൾ, തെറ്റുകൾ മുതലായവ പരിഹരിച്ച് ആനുകൂല്യം ലഭ്യമാകാനുള്ള നടപടികൾ നടന്നുവരുന്നു. ഇവ പൂർത്തിയാകുന്ന മുറക്ക് PMKGP യുടെ വ്യവസ്ഥകൾ അനുസരിച്ച് അർഹമാണെന്നു കണ്ടെത്തുന്ന ബാക്കിയുള്ള ആരോഗ്യ പ്രവർത്തകർക്കും ഈ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതായിരിക്കും.

## ഭാരതീയ ചികിത്സാവകുപ്പ്

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നാഷണൽ ആയുഷ് മിഷൻ, നാഷണൽ ഹെൽത്ത് മിഷൻ എന്നീ സ്ഥാപനങ്ങളിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച വിഹിതത്തിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | സ്ഥാപനം | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 2020-21 | നാഷണൽ ഹെൽത്ത് മിഷൻ | 5,00,00,000 |
| | നാഷണൽ ആയുഷ് മിഷൻ | 1,05,00,000 |
| 2021-22 | നാഷണൽ ആയുഷ് മിഷൻ | 1,62,76,920 |

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

| Particulars | Source of Receipt (Amount in Rupees) | | | |
|---|---|---|---|---|
| | 2020-21 | 2021-22 | 2022-23 | Total |
| Source of fund-SDMA | 7,18,77,225 | - | | 7,18,77,225 |
| State contingency fund | 75,00,00,000 | - | | 75,00,00,000 |
| NHM | 2,52,34,04,858 | - | 18,68,13,875 | 2,71,02,18,733 |